**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

**(ഹാജർ: ഡി.ലീനാ ലിറ്റി)**

വിഷയം മോട്ടോർവാഹന വകുപ്പ്- ജീവനക്കാര്യം –ക്ലാർക്ക്, ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകളിലെ 10% ഒഴിവുകളിലേയ്ക്ക് വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ നിയമിച്ചുകൊണ്ടുള്ള – ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന 1. 03.01.2014-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ11/2014/ഉ.ഭ.പ.വ

2..19.07.2014-ലെ സർക്കാർ ഉത്തരവ് സ.ഉ.(പി) നമ്പർ 21/2014 ഉ.ഭ.പ.വ

3.01.12.2014-ലെ ട്രാൻസ്പോർട്ട് കമ്മീഷണറുടെ എ4/17129/റ്റിസി/2014/നമ്പർ ഉത്തരവ്

4. 14.09.2015-ലെ 2489/സി-1/2015/ഗതാഗതം നമ്പർ സർക്കാർ ഉത്തരവ്

5.27.05.2017ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ(സാധാ) നം.280/2017/പി/ഉ.ഭ.പ.വക

6. 29.06.2018-ലെ ട്രാൻസ്പോർട്ട് കമ്മീഷണറുടെ എ6/ഇ-31647/2017/റ്റിസി/നമ്പർ ഉത്തരവ്.

**ഉത്തരവ് നം.എ2/4558/2014/റ്റിസി തീയതി 02/12/2019**

പരാമർശം (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന ക്ലാർക്ക്, ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകളിലേയ്ക്ക് ക്ലാസ് IV, സബോർഡിനേറ്റ് സർവ്വീസിൽപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർ എന്നിവർക്ക് പി.എസ്.സി. മുഖേന നിലവിൽ അനുവദിച്ചിട്ടുള്ള 10% തസ്തികമാറ്റത്തിന് പുറമേ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടവരും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും തസ്തിക മാറ്റം വഴി അതാതു വകുപ്പിലെ ക്ലാർക്ക്, ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകളിലെ 10% ഒഴിവുകളിലും കൂടി യോഗ്യതയുടെയും, സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തിക മാറ്റം അനുവദിച്ച് നൽകാൻ ഉത്തരവിട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് വകുപ്പിൽ ഉണ്ടായ ഒഴിവുകൾക്ക് ആനുപാതികമായി സൂചന (3) പ്രകാരം തയ്യാറാക്കിയ ഒ.എ/അറ്റൻഡർ മാരുടെ ജില്ലാതല സീനിയോറിറ്റി ലിസ്റ്റിൽ നിന്നും യോഗ്യതയുടെയും സീനിയോറിട്ടിയുടെയും അടിസ്ഥാനത്തിൽ ക്ലാർക്ക്, ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് സ്ഥാനകയറ്റം നൽകി വന്നിരുന്നു. എന്നാൽ സൂചന (4), (5) എന്നിവ പ്രകാരം ഡ്രൈവർമാരെയും കൂടി ഉൾപ്പെടുത്തികൊണ്ടുള്ള സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി അതിൽനിന്നും സ്ഥാനകയറ്റം നൽകണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പിലെ ഒ.എ/അറ്റൻഡർ/ഡ്രൈവർ എന്നീ വിഭാഗം ജീവനക്കാരെ ഉൾപ്പെടുത്തികൊണ്ടുള്ള combined seniority list സൂചന (6) പ്രകാരം പുറപ്പെടുവിച്ച ഉത്തരവായിട്ടുണ്ട്.

ടൈപ്പിസ്റ്റ് തസ്തികയിൽ 39 സൂപ്പർ ന്യൂമററി പോസ്റ്റുകളായി പ്രഖ്യാപിച്ച സാഹചര്യത്തിൽ നിശ്ചിത ശതമാനത്തിനും മുകളിൽ ഉദ്യോഗസ്ഥർ തസ്തികമാറ്റം വഴി ടി തസ്തികയിൽ തുടരുന്നതിനാൽ നിലവിൽ ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്കുള്ള തസ്തികമാറ്റം നിയമനം നടത്താൻ സാധിക്കുകയില്ല.

ഈ സാഹചര്യത്തിൽ മോട്ടോർ വാഹന വകുപ്പിൽ ക്ലർക്ക് തസ്തികയിൽ ആകെ ഉണ്ടായ ഒഴിവുകളുടെ 10% ഒഴിവുകളിലേക്ക് സൂചന (6) പ്രകാരം പുറപ്പെടുവിച്ച ഒ.എ/അറ്റൻഡർ/ഡ്രൈവർ എന്നിവരെ ഉൾപ്പെടുത്തികൊണ്ടുള്ള combined സീനിയോറിറ്റി ലിസ്റ്റിൽനിന്നും യോഗ്യതയുടെയും, സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ വകുപ്പിലെ ക്ലാസ് IV ജീവനക്കാരെ തസ്തികമാറ്റം മുഖേന ക്ലർക്ക്/ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് സൂചന (5) -ലെ സർക്കാർ ഉത്തരവിന് വിധേയമായി ചുവടെ പരാമർശിക്കും പ്രകാരം സ്ഥാനകയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നം | പേര് | നിലവിൽ ജോലി ചെയ്യുന്ന ഓഫീസ് | ക്ലാർക്കായി നിയമിച്ചിരിക്കുന്ന ഓഫീസ് |
|---|---|---|---|
| 1. | നാസർ.കെ.എം (ഡ്രൈവർ സീനിയർ ഗ്രേഡ്) | ഡി.റ്റി.സി.എറണാകുളം | ആർ.ടി.ഒ, മലപ്പുറം (ക്ലർക്ക് തസ്തികയിൽ) |
| 2. | അനിൽകുമാർ.എം.ജി (ഓഫീസ് അറ്റൻഡന്റ്) | ആർ.ടി.ഒ, വയനാട് | ആർ.ടി.ഒ, കോഴിക്കോട് (ക്ലർക്ക് തസ്തികയിൽ) |
| 3. | ചന്ദ്രബോസ്.പി.എൻ (അറ്റൻഡർ ഗ്രേഡ് 1) | ആർ.ടി.ഒ, മൂവാറ്റുപുഴ | ആർ.ടി.ഒ, മലപ്പുറം (ക്ലർക്ക് തസ്തികയിൽ) |
| 4. | ആശ.റ്റി.ആർ (അറ്റൻഡർ ഗ്രേഡ്-1) | ആർ.ടി.ഒ, തൃശ്ശൂർ | ആർ.ടി.ഒ, തൃശ്ശൂർ (കംപാഷണേറ്റ്) (ക്ലർക്ക് തസ്തികയിൽ) |
| 5. | എം.വേണുഗോപാലൻ (ഓഫീസ് അറ്റൻഡന്റ്) | ആർ.ടി.ഒ, പാലക്കാട് | ആർ.ടി.ഒ, കണ്ണൂർ (ക്ലർക്ക് തസ്തികയിൽ) |
| 6. | സുശീല.സി.ഡി (അറ്റൻഡർ) | ആർ.ടി.ഒ, ആലപ്പുഴ | ആർ.ടി.ഒ, തിരുവനന്തപുരം. (ക്ലർക്ക് തസ്തികയിൽ) |

ബന്ധപ്പെട്ട എല്ലാ നിയന്ത്രണാധികാരികളും മേൽപ്പറഞ്ഞ ജീവനക്കാരെ ക്ലാർക്ക്/ടൈപ്പിസ്റ്റ് തസ്തികയിലെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുൻപ് യോഗ്യതാ സംബന്ധമായ സർട്ടിഫിക്കറ്റുകൾ കൃത്യമായി പരിശോധിക്കേണ്ടതും അവർ ക്ലാർക്ക് തസ്തികയിലേയ്ക്ക് പ്രവേശിക്കുവാൻ യോഗ്യമാണോ എന്ന് ബന്ധപ്പെട്ട റിക്കാർഡുകളും സർട്ടിഫിക്കറ്റുകളും പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും ടി ജീവനക്കാർ വിടുതൽ ചെയ്ത/ക്ലർക്ക്/ടൈപ്പിസ്റ്റ് തസ്തികകളിൽ ജോലിയിൽ പ്രവേശിച്ച തീയതി ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

ഒപ്പ്

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്: ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും (നിയന്ത്രണാധികാരികൾ മുഖാന്തിരം)

പകർപ്പ്: 1. ബന്ധപ്പെട്ട എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ/ആർ.ടി.ഒ/ജോയിന്റ് ആർ.ടി.ഒ മാർക്കും,

2. ട്രാൻസ്പോർട്ട് കമ്മീഷണറുടെ സി.എ/ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ/ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)/സീനിയർ എ.ഒ/സീനിയർ ഡി.റ്റി.സി/ഒ.സി/അധിക പകർപ്പ്.

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്

2/12/15